വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ

308 (1006) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾ പലതും നടപ്പിലാക്കാതെ ഫണ്ട് പാഴാക്കിയിട്ടുണ്ടോ ; കാരണം അറിയിക്കാമോ ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോ എന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കേന്ദ്രാനുമതി ലഭിച്ച പദ്ധതികളിൽ ചിലത് പദ്ധതി പ്രദേശത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാലതാമസം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മറ്റ് സാമൂഹിക പ്രശ്നങ്ങൾ എന്നീ കാരണങ്ങൾകൊണ്ട് കേന്ദ്രം നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാതെവന്ന സന്ദർഭങ്ങളിൽ ഫണ്ട് തിരികെയടയ്ക്കാൻ നിർബന്ധിതമായിട്ടുണ്ട്. സമയബന്ധിതമായി തീർക്കാൻ കഴിയാത്ത പദ്ധതികളുടെ സമയപരിധി നീട്ടികിട്ടുന്നതിനുവേണ്ടി കേന്ദ്ര ടൂറിസം വകുപ്പിന് അപേക്ഷ നൽകിയിട്ടും സമയപരിധി നീട്ടികിട്ടാത്ത പദ്ധതികളുമായി ബന്ധപ്പെട്ട തുകയാണ് തിരിച്ചടച്ചിട്ടുള്ളത്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും വിപുലമായ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ മെഗാ സർക്യൂട്ട് ഡെവലപ്മെന്റ്, ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് തുടങ്ങി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിവിധ പദ്ധതികൾ ഉൾക്കൊള്ളുന്നു. മെഗാ സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ഗ്രീൻ ടൂറിസം സർക്യൂട്ട്
2. ഡെവലപ്മെന്റ് ഓഫ് ബാക്ക് വാട്ടർ സർക്യൂട്ട് ഇൻ ആലപ്പുഴ നീജിയൺ ആസ് മെഗാ സർക്യൂട്ട് ഇൻ കേരള
3. മുസരിസ് ഹെറിറ്റേജ് പ്രോജക്ട്

ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതി പ്രകാരം വികസിപ്പിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ഇരിങ്ങൾ ആർട്ട് & ക്രാഫ്റ്റ് വില്ലേജ് - കോഴിക്കോട്
2. കോവളം ആർട്ട് &ക്രാഫ്റ്റ് വില്ലേജ് - തിരുവനന്തപുരം
3. ഡെവലപ്മെന്റ് ഓഫ് കാപ്പിൽ ബീച്ച് & ഇറ്റ്സ് സറൗണ്ടിങ്ങ്സ്
4. ഡെവലപ്മെന്റ് ഓഫ് കാരപ്പുഴ ഡാം സൈറ്റ്
5. ഡെവലപ്മെന്റ് ഓഫ് കക്കയം-പെരുവണ്ണാമൂഴി
6. ഡെവലപ്മെന്റ് ഓഫ് പാലക്കരി ഫിഷ് ഫാം

കൂടാതെ കേരളത്തിലെ വിവിധ പ്രദേശങ്ങളുടെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും വിനോദസഞ്ചാരികളെ അവിടേയ്ക്ക് ആകർഷിക്കുന്നതിനും ഒട്ടേറെ പദ്ധതികൾ നിലവിലുണ്ട്.

ടെക്ക് എ ബ്രേക്ക് പദ്ധതി

309 (1007) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വകുപ്പിന്റെ ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) വിനോദ സഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly